**21.04.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 30-03-99**

# തീവ്ര പുരുഷാർത്ഥത്തിന്റെ ലഹരിയെ ജ്വാലാ രൂപമാക്കി പരിധിയില്ലാത്ത വൈരാഗ്യത്തിന്റെ അലകൾ പരത്തൂ.

ഇന്ന് ബാപ്ദാദ ഓരോ കുട്ടിയുടേയും മസ്തകത്തിൽ മൂന്ന് രേഖകൾ കാണുകയായിരുന്നു. അതിൽ ഒരു രേഖയാണ് - പരമാത്മാപാലനയുടെ ഭാഗ്യരേഖ. ഈ പരമാത്മപാലനയുടെ ഭാഗ്യം മുഴുവൻ കൽപ്പത്തിലും ഇപ്പൊൾ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുന്നുള്ളൂ, ഈ സംഗമയുഗത്തിലല്ലാതെ പരമാത്മപാലന മറ്റൊരിക്കലും പ്രാപ്തമാക്കാൻ സാധിക്കില്ല. പരമാത്മപാലന വളരെക്കുറച്ച് കുട്ടികൾക്കേ പ്രാപ്തമാകുന്നുള്ളു. രണ്ടാമത്തെ രേഖയാണ് - പരമാത്മാ പഠിപ്പിന്റെ ഭാഗ്യരേഖാ. പരമാത്മപഠിപ്പ്, ഇതെത്ര ഭാഗ്യമാണ്, സ്വയം ഭഗവാൻ ശിക്ഷകനായി പഠിപ്പിക്കുന്നു. മൂന്നാമത്തെ രേഖയാണ് - പരമാത്മപ്രാപ്തികളുടെ രേഖ. ചിന്തിച്ചു നോക്കൂ എത്ര പ്രാപ്തികളാണ്. എല്ലാവർക്കും ഓർമ്മയുണ്ടല്ലോ - പ്രാപ്തികളുടെ ലിസ്റ്റ് എത്ര നീണ്ടതാണ്! അപ്പോൾ ഓരോരുത്തരുടെയും മസ്തകത്തിൽ ഈ മൂന്നു രേഖകളും തിളങ്ങുകയാണ്. ഇങ്ങനെ ഭാഗ്യവാനാണ് എന്ന് സ്വയം മനസ്സിലാക്കുന്നുണ്ടോ? പാലന, പഠിത്തം, പ്രാപ്തികൾ. ഒപ്പം ബാപ്ദാദ കുട്ടികളുടെ നിശ്ചയത്തിനനുസരിച്ചുള്ള ലഹരിയും കാണുകയായിരുന്നു. ഓരോ പരമാത്മാകുട്ടിയും എത്ര ആത്മീയ ലഹരിയുള്ള ആത്മക്കളാണ്! മുഴുവൻ വിശ്വത്തിലും മുഴുവൻ കൽപ്പത്തിലും എല്ലാറ്റിലും ഹൈയസ്റ്റും (ഉയർന്നത്) ആണ്, മഹാനുമാണ്, ഹോളിയസ്റ്റും (പവിത്രവും) ആണ്. താങ്കളെ പോലെ പവിത്രാത്മക്കൾ, ശരീരം കൊണ്ടും, മനസ്സു കൊണ്ടും ദേവ രൂപത്തിൽ സർവ്വ ഗുണ സമ്പന്നർ, സമ്പൂർണ്ണ നിർവികാരികൾ മറ്റാരും ആകുന്നില്ല. അതിനോടൊപ്പം ഹൈയസ്റ്റുമാണ്, ഹോളിയസ്റ്റുമാണ് ഒപ്പത്തിനൊപ്പം റിച്ചെസ്റ്റുമാണ്(ധനവാൻ). ബാപ്ദാദ സ്ഥാപനയുടെ സമയത്തും ഓർമ്മപെടുത്തിയിരുന്നു, അഭിമാനപൂർവ്വം പത്രങ്ങളിലും കൊടുത്തിരുന്നു 'ഓം മണ്ഡലി റിച്ചെസ്റ്റ് ഇൻ ദ വേൾഡ്.'(ഓം മണ്ഡലി മുഴുവൻ ലോകത്തിലും വെച്ച് സമ്പന്നർ) ഇത് സ്ഥപനയുടെ സമയത്തുള്ള താങ്കളെല്ലാവരുടെയും മഹിമയാണ്. ഒരു ദിവസത്തിൽ എത്ര തന്നെ വലിയ കോടിപതിയായാലും താങ്കളെ പ്പോലെ റിച്ചെസ്റ്റ് ആകാൻ സാധിക്കില്ല. ഇത്രയും റിച്ചെസ്റ്റ് അകുന്നതിന്റെ ആധാരമെന്താണ്? വളരെ ചെറിയ മാർഗ്ഗമാണ്. മനുഷ്യർ റിച്ചെസ്റ്റ് ആകുന്നതിന് എത്ര പരിശ്രമിക്കുന്നു, എന്നാൽ താങ്കൾ എത്ര സഹജമായി സമ്പന്നമായിക്കൊണ്ടിരിക്കുന്നു. അറിയാമല്ലോ മർഗ്ഗമെന്തെന്ന്! ചെറിയ ഒരു ബിന്ദുവിട്ടാൽ മതി. ബിന്ദു ഇട്ടു, സമ്പാദ്യം ആയി. ആത്മാവും ബിന്ദു, ബാബയും ബിന്ദു ഡ്രാമ ഫുൾസ്റ്റോപ്പിടുക അതും ബിന്ദുവാണ്. അപ്പോൾ ബിന്ദു ആത്മാവിനെ ഓർമ്മിച്ചു, സമ്പാദ്യം കൂടി. ലൗകികത്തിലും നോക്കൂ, ബിന്ദുവിലൂടെയാണ് സംഖ്യ വർദ്ധിക്കുന്നത്. ഒന്നിന് ശേഷം ബിന്ദുവിടൂ എന്താകുന്നു? 10, രണ്ടു ബിന്ദുവിടൂ, മൂന്ന് ബിന്ദുവിടൂ, നാലു ബിന്ദുവിടൂ, വർദ്ധിച്ചു വരുന്നു. അപ്പോൾ താങ്കളുടെ മാർഗ്ഗം എത്ര സഹജമാണ്. 'ഞാൻ ആത്മാവാണ്' - ഈ സ്മൃതിയുടെ ബിന്ദുവിടുക അർത്ഥം സമ്പത്ത് വർദ്ധിക്കുക. പിന്നെ 'ബാബ' ബിന്ദുവിടൂ ഒന്നുകൂടി സമ്പാദ്യം വർദ്ധിച്ചൂ വരുന്നു. കർമ്മത്തിൽ, സംബന്ധ-സമ്പർക്കത്തിൽ ഡ്രാമയുടെ ഫുൾസ്റ്റോപ്പിടൂ, കഴിഞ്ഞതിനു ഫുൾസ്റ്റോപ്പിടു, സമ്പത്ത് ശേഖരിക്കപ്പെട്ടു. അപ്പോൾ പറയൂ മുഴുവൻ ദിവസവും എത്ര പ്രാവശ്യം ബിന്ദുവിടുന്നു? ബിന്ദുവിടുന്നത് എത്ര സഹജമാണ്! ബുദ്ധിമുട്ടാണോ? ബിന്ദു വഴുതി പോകുന്നുണ്ടോ?

ബാപ്ദാദ സമ്പാദ്യത്തിന്റെ മാർഗ്ഗമായി ഇത് തന്നെയാണ് പഠിപ്പിച്ചിട്ടുള്ളത് ബിന്ദുവിട്ടു പോകൂ, അപ്പോൾ എല്ലാവർക്കും ബിന്ദുവിടാൻ അറിയാമോ? അറിയാമെങ്കിൽ ഒരു കൈയുടെ കൈയ്യടിക്കൂ. ഉറപ്പല്ലേ! അതോ വഴുതി പോകുന്നോ, ചിലപ്പോൾ ശരിയാകുന്നു? ഏറ്റവും എളുപ്പം ബിന്ദുവിടുകയാണ്. ആരെങ്കിലും ഈ കണ്ണുകൾ കൊണ്ട് അന്ധരാണെങ്കിലും, അവരും കടലാസും പെൻസിലും കൊടുത്താൽ ബിന്ദുവിടുന്നു, താങ്കളാണെങ്കിൽ ത്രിനേത്രിയാണല്ലോ, ഇതിനാൽ ഈ മൂന്ന് ബിന്ദുകളെ സദാ ഉപയോഗിക്കൂ. ചോദ്യചിഹ്നം എത്ര വളഞ്ഞതാണ്, എഴുതി നോക്കൂ, വളഞ്ഞതല്ലേ? ബിന്ദു എത്ര സഹജമാണ് ഇതിനാൽ ബാപ്ദാദ വിഭിന്ന രൂപത്തിൽ കുട്ടികളെ സമാനമാക്കുന്നതിനുള്ള വഴി കേൾപ്പിച്ചു കൊണ്ടിരിക്കുന്നു. വഴിയാണ് ബിന്ദു. മറ്റൊരു വഴിയുമില്ല. വിദേഹിയാകണമെങ്കിലും വഴിയിതാണ് - ബിന്ദുവാകുക. അശരീരിയാകണം, കർമ്മതീതമാകണം, എല്ലാറ്റിനുമുള്ള വഴിയാണ് ബിന്ദു, ഇതിനാൽ ബാപ്ദാദ ആദ്യമേ പറഞ്ഞു - അമൃതവേള ബാപ്ദാദയോടൊപ്പം കൂടിക്കാഴ്ച നടത്തി, ആത്മീയ സംഭാഷണം നടത്തി പ്രവൃത്തിയിൽ വരുമ്പോൾ ആദ്യം മൂന്ന് ബിന്ദുകളുടെയും തിലകം മസ്തകത്തിൽ ചാർത്തൂ, ചുവപ്പ് നിറത്തിലുള്ള ബിന്ദുവിടാൻ തുടങ്ങരുത് പകരം സ്മൃതിയുടെ തിലകം ഇടൂ. എന്നിട്ട് ചെക്ക് ചെയ്യൂ - ഒരു കാരണവശാലും ഈ സ്മൃതിയുടെ തിലകം മായരുത്. അവിനാശിയും മായാത്തതുമായ തിലകമാണോ?

ബാപ്ദാദ കുട്ടികളുടെ സ്നേഹവും കാണുന്നു, എത്ര സ്നേഹത്തോടെ ഓടി-ഓടി കൂടിക്കാഴ്ച നടത്താൻ എത്തുന്നു പിന്നെ ഇന്ന് ഹാളിലും കൂടികാഴ്ച നടത്തുന്നതിന് എത്ര പരിശ്രമത്തോടെ, എത്ര സ്നേഹത്തോടെ ഉറക്കം, ദാഹമെല്ലാം മറന്നു അദ്യ നമ്പറിൽ അടുത്തിരിക്കാനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ബാപ്ദാദ എല്ലാം കാണുന്നു, എന്തെല്ലാം ചെയ്യുന്നു, എല്ലാ നാടകവും കാണുന്നു. ബാപ്ദാദ കുട്ടികളുടെ സ്നേഹത്തിൽ അർപ്പിതമാകുകയും ചെയ്യുന്നു ഒപ്പം ഇതും പറയുന്നു ഏതുപോലെ സാകാരത്തിൽ കാണുവാൻ ഓടി-ഓടി വരുന്നത് പോലെ ബാബയ്ക്ക് സമാനമാകുന്നതിനും തീവ്ര പുരുഷാർത്ഥം ചെയ്യൂ, ഇതിൽ ചിന്തിക്കുന്നില്ലേ ഏറ്റവും മുന്നിലത്തെ നമ്പർ വേണം എന്ന്. എല്ലാവർക്കും ലഭിക്കില്ല, ഇത് സാകാരലോകമല്ലെ! അപ്പോൾ സാകാര ലോകത്തിലെ നിയമം നോക്കേണ്ടി വരുന്നു. ബാപ്ദാദ ആ സമയത്ത് ചിന്തിക്കുന്നു എല്ലാവരും മുന്നിലിരിക്കണം എന്നാലത് സാധിക്കുമോ? അത് നടക്കുന്നുണ്ട്, എങ്ങനെ? പിന്നിലുള്ളവരെ ബാപ്ദാദ സദാ നയനങ്ങളിൽ അലിഞ്ഞിരിക്കുന്നതായി കാണുന്നു. ഏറ്റവും അടുത്തുള്ളത് നയനമാണ്. അപ്പോൾ പിന്നിലല്ല ഇരിക്കുന്നത് പകരം ബാപ്ദാദയുടെ നയനങ്ങളിൽ ഇരിക്കുകയാണ്. കൺമണിയാണ്. പിന്നിലിരിക്കുന്നവർ കേട്ടുവോ? ദൂരെയല്ല, സമീപമാണ്. ശരീരം കൊണ്ട് പിന്നിലിരിക്കുകയാണ്, എന്നാൽ ആത്മാവ് ഏറ്റവും സമീപമാണ്. ബാപ്ദാദയും ഏറ്റവും കൂടുതൽ പിന്നിലുള്ളവരെ തന്നെയാണ് കാണുന്നത്. നോക്കൂ, അടുത്തുള്ളവർക്ക് ഈ സ്ഥൂല നയനങ്ങളിലൂടെ കാണുന്നതിന് ചാൻസുണ്ട് എന്നാൽ പിന്നിലുള്ളവർക്ക് ഈ നയനങ്ങളിലൂടെ അടുത്ത് കാണുന്നതിനുള്ള ചാൻസില്ല ഇതിനാൽ ബാപ്ദാദ നയനങ്ങളിൽ എടുക്കുന്നു.

ബാപ്ദാദ പുഞ്ചിരിക്കുന്നു, രണ്ടു മണിയാകുമ്പോഴേക്കും ലൈനിൽ നിൽക്കുന്നത് തുടങ്ങുന്നു. ബാപ്ദാദയ്ക്ക് അറിയാം കുട്ടികൾ നിന്ന് നിന്ന് തളർന്നും പോകുന്നു എന്നാൽ ബാപ്ദാദ എല്ലാ കുട്ടികളെയും സ്നേഹത്തോടെ മസാജ് ചെയ്യുന്നു. കാലുകളിൽ മസാജ് ചെയ്യുന്നു. ബാപ്ദാദയുടെ മസാജ് കണ്ടിട്ടില്ലേ - വളരെ വേറിട്ടതും സ്നേഹം നിറഞ്ഞതുമാണ്. അപ്പോൾ ഇന്നു ഈ സീസണിലെ അവസാന ചാൻസ് എടുക്കുന്നതിന് നാലു ഭാഗത്തും നിന്ന് ഓടി ഓടി വന്നിരിക്കുകയാണ്. നല്ലത് തന്നെ. ബാബയുമായുള്ള കൂടിക്കാഴ്ചയുടെ ഉത്സാഹവും ഉന്മേഷവും സദാ മുന്നോട്ട് നയിക്കുന്നു. എന്നാൽ ബാപ്ദാദ കുട്ടികളെ ഒരു സെക്കൻ്റ് പോലും മറക്കുന്നില്ല. ബാബ ഒന്നാണ് കുട്ടികൾ അനേകമാണ് എന്നാൽ അനേക കുട്ടികളായാലും ഒരു സെക്കൻ്റത്തേക്ക് പോലും മറക്കുന്നില്ല കാരണം കളഞ്ഞു പോയി തിരികെ കിട്ടിയ കുട്ടികളാണ്. നോക്കൂ എവിടെനിന്നെല്ലാം ദേശ വിദേശത്തെ കോണുകളിൽ നിന്നും ബാബ തന്നെയാണ് താങ്കളെ അന്വേഷിച്ചത്. താങ്കൾക്ക് ബാബയെ അന്വേഷിച്ചു കണ്ടെത്താൻ സാധിച്ചോ? അലഞ്ഞു നടന്നിരുന്നു എന്നാൽ കാണാൻ സാധിച്ചില്ല ബാബയും വിഭിന്ന ദേശം, ഗ്രാമം, പട്ടണങ്ങളിൽ എവിടെയെല്ലാം ബാബയുടെ കുട്ടികളുണ്ടോ അവിടെന്ന് അന്വേഷിച്ചെടുത്തു. സ്വന്തമാക്കി. പാട്ട് പാടാറില്ലെ - ഞാൻ ബാബയുടേത് ബാബ എന്റേത്. ജാതിയും നോക്കിയില്ല, ദേശവും നോക്കിയില്ല, വർണ്ണവും നോക്കിയില്ല, എല്ലാവരുടെയും മസ്തകത്തിൽ ഒരേയൊരു ആത്മീയ വർണ്ണം കണ്ടു - ജ്യോതി ബിന്ദു. ഡബിൾ വിദേശി എന്ത് മനസ്സിലാക്കുന്നു? ബാബ ജാതി നോക്കിയോ? കറുത്തതാണ്, വെളുത്തതാണ്, ശ്യാമാണ്, സുന്ദരനാണ്? ഒന്നും നോക്കിയില്ല. എന്റെതാണ് - ഇതാണ് നോക്കിയത്. അപ്പോൾ പറയൂ ബാബയ്ക്കാണോ സ്നേഹം, കുട്ടികൾക്കാണോ സ്നേഹം? ആർക്കാണ്? (രണ്ടു പേർക്കും) കുട്ടികളും ഉത്തരം നൽകുന്നതിൽ മിടുക്കരാണ്, പറയുന്നു ബാബ അങ്ങ് തന്നെയാണ് പറയുന്നത് സ്നേഹത്തെ സ്നേഹം കൊണ്ട് ആകർഷിക്കുന്നു എന്ന്, അപ്പോൾ അങ്ങയുടെയും ഉണ്ട് ഞങ്ങളുടെയും ഉണ്ട് അപ്പോഴല്ലേ വലിക്കുന്നത്. കുട്ടികളും മിടുക്കരാണ് ബാബയ്ക്ക് സന്തോഷമുണ്ട് ഇത്രയും ധൈര്യവും ഉന്മേഷ-ഉത്സാഹവും വെയ്ക്കുന്ന കുട്ടികളാണ്.

ബാപ്ദാദയുടെ അടുക്കൽ കഴിഞ്ഞ പതിനഞ്ച് ദിവസത്തെ ചാർട്ടിന്റെ വളരെ കുട്ടികളുടെ റിസൾട്ട് വന്നു. ഒരു കാര്യം ബാപ്ദാദ നാലു വശത്തുമുള്ള റിസൾട്ടിൽ കണ്ടതാണ് ഭൂരിപക്ഷം കുട്ടികൾക്കും ശ്രദ്ധയുണ്ടായിരുന്നു. ശതമാനം എത്ര സ്വയവും ആഗ്രഹിച്ചിരുന്നുവോ അത്രയും ഇല്ലാ, പക്ഷേ ശ്രദ്ധയുണ്ട് ഉള്ളിന്റെയുള്ളിൽ തീവ്ര പുരുഷാർത്ഥികുട്ടികൾ തന്റെ പ്രതിജ്ഞയെ പൂർണ്ണമാക്കണം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുകയായിരുന്നു. മുന്നേറി മുന്നേറി ലക്ഷ്യത്തിൽ എത്തുക തന്നെ ചെയ്യും. കുറച്ചു പേർ ഇപ്പോഴും ഇടക്ക് അശ്രദ്ധ ഇടയ്ക്ക് ആലസ്യത്തിന് വശപ്പെട്ട് ശ്രദ്ധ കുറവാണ് നൽകുന്നത്. അവരുടെ വിശേഷിച്ച് ഒരു സ്ലോഗനാണ് - സംഭവിച്ചോളും, നചന്നോളും...... സംഭവിക്കുക തന്നെ വേണം എന്ന് പറയുന്നില്ല. നടക്കും ഇതാണ് അശ്രദ്ധ. പോകുക തന്നെ വേണം ഇതാണ് തീവ്ര പുരുഷാർത്ഥം. ബാപ്ദാദ പ്രതിജ്ഞകൾ വളരെ കേൾക്കുന്നുണ്ട്, തുടർച്ചയായി പ്രതിജ്ഞകൾ വളരെ നല്ലത് ചെയ്യുന്നുണ്ട്. കുട്ടികൾ പ്രതിജ്ഞ ഇത്ര നല്ല ധൈര്യത്തോടെ ചെയ്യുന്നു, ആ സമയം ബാപ്ദാദയെയും ദിൽഖുഷ് മധുരം (ഹൃദയത്തെ സന്തോഷിപ്പിക്കുന്ന മധുരം) കഴിപ്പിക്കുന്നു. ബാബയും കഴിക്കുന്നു. എന്നാൽ പ്രതിജ്ഞ

അർത്ഥം പുരുഷാർത്ഥത്തിൽ കുടുതലിലും കൂടുതൽ പ്രയോജനം. പ്രയോജമമില്ലെങ്കിൽ പ്രതിജ്ഞയും സാർത്ഥകമല്ല. അതിനാൽ പ്രതിജ്ഞ എടുത്തു കൊള്ളൂ എന്തായാലും ദിൽഖുഷ് മധുരം കഴിപ്പിക്കുന്നില്ലേ! ഒപ്പം തീവ്ര പുരുഷാർത്ഥത്തിന്റെ ലഹരിയേ അഗ്നിരൂപത്തിൽ കൊണ്ട് വരൂ. ജ്വാലാമുഖി ആകൂ. സമയമനുസരിച്ച് ബാക്കിയുള്ള മനസ്സിന്റെയും, സംബന്ധ സമ്പർക്കത്തിന്റെയും കർമ്മകണക്കുകൾ അവയെ ജ്വാലാ സ്വരൂപത്തിലൂടെ ഭസ്മമാക്കൂ. ലഹരിയുണ്ട്, ഇതിൽ ബാപ്ദാദ പാസാക്കുന്നു എന്നാൽ ലഹരിയെ അഗ്നിരൂപത്തിൽ കൊണ്ട് വരൂ.

വിശ്വത്തിൽ ഒരു വശത്ത് അഴിമതി, ക്രൂരതയുടെ അഗ്നിയുണ്ടാകും, മറു വശത്ത് താങ്കൾ കുട്ടികളുടെ പവർഫുൾ യോഗം അതായത് ലഹരിയുടെ അഗ്നി ജ്വാലാ രൂപത്തിൽ ആവശ്യമാണ്. ഈ ജ്വാലാ രൂപം ഈ അഴിമതിയെ, ക്രൂരതയുടെ അഗ്നിയെ സമാപ്തമാക്കും, സർവ്വത്മാക്കൾക്ക് സഹയോഗം നൽകും. താങ്കളുടെ ലഹരി ജ്വാലാരൂപത്തിന്റെത് ആയിരിക്കണം അതായത് പവർഫുൾ യോഗമായിരിക്കണം, അപ്പോൾ ഈ ഓർമ്മയുടെ അഗ്നി, ആ അഗ്നിയെ സമാപ്തമാക്കും, മറു വശത്ത് ആത്മാക്കൾക്ക് പരമാത്മസന്ദേശത്തിന്റെ, ശീതള സ്വരൂപത്തിന്റെ അനുഭൂതി ചെയ്യിപ്പിക്കും. പരിധിയില്ലാത്ത വൈരാഗ്യ വൃത്തി പ്രജ്ജ്വലിതിമാക്കും. ഒരു വശത്ത് ഭസ്മമാക്കും മറു വശത്ത് ശീതളവുമാക്കും. പരിധിയില്ലാത്ത വൈരാഗ്യത്തിന്റെ അലകൾ പരത്തും. കുട്ടികൾ പറയുന്നു - എനിക്ക് യോഗമുണ്ട്, ബാബ അല്ലാതെ മറ്റാരും ഇല്ല, ഇത് വളരെ നല്ലതാണ്. പക്ഷേ സമയമനുസരിച്ച് ഇനി ജ്വാലാരൂപമാകൂ. ഓർമ്മച്ചിഹ്നങ്ങളിൽ ശക്തികളുടെ ശക്തിരൂപമായി മഹാശക്തിരൂപം, സർവ്വ ശസ്ത്രധാരിയായി കാണിച്ചിട്ടുണ്ട്, ഇനി ആ മഹാശക്തിരൂപം പ്രത്യക്ഷമാക്കൂ. പാണ്ഡവരാകട്ടെ, ശക്തികളാകട്ടെ, എല്ലാവരും സാഗരത്തിൽ നിന്നുള്ള ജ്ഞാന നദികളാണ്, സാഗരമല്ല, നദിയാണ്. ജ്ഞാനഗംഗകളാണ്. അപ്പോൾ ജ്ഞാനഗംഗകൾ ഇനി ആത്മാക്കൾക്ക് തന്റെ ജ്ഞാനത്തിന്റെ ശീതളതയിലൂടെ പാപങ്ങളുടെ അഗ്നിയിൽ നിന്നും മുക്തമാക്കൂ. ഇതാണ് ഇപ്പോഴത്തെ സമയത്ത് ബ്രാഹ്മണരുടെ കർത്തവ്യം.

എല്ലാ കുട്ടികളും ചോദിക്കുന്നു ഈ വർഷം എന്ത് സേവനം ചെയ്യണം? അപ്പോൾ ബാപ്ദാദ അദ്യസേവനമായി ഇതാണ് പറയുന്നത് ഇപ്പൊൾ സമയമനുസരിച്ച് എല്ലാ കുട്ടികളും വാനപ്രസ്ഥ അവസ്ഥയിലാണ്, അപ്പോൾ വാനപ്രസ്ഥി തന്റെ സമയം, സാധനം എല്ലാം കുട്ടികൾക്ക് നൽകി സ്വയം വാനപ്രസ്ഥമാകുന്നു. അതുപോലെ താങ്കളെല്ലാവരും തന്റെ സമയത്തിന്റെ സമ്പത്ത്, ശ്രേഷ്ഠ സങ്കൽപ്പത്തിന്റെ സമ്പത്ത് ഇനി മറ്റുള്ളവർക്ക് വേണ്ടി ഉപയോഗിക്കൂ. തനിക്ക് വേണ്ടി സമയം, സങ്കൽപ്പം കുറച്ചുപയോഗിക്കൂ. മറ്റുള്ളവർക്ക് വേണ്ടി ഉപയോഗിക്കുന്നതിലൂടെ സ്വയവും ആ സേവനത്തിന്റെ പ്രത്യക്ഷഫലം ആഗ്രഹിക്കുന്നതിന് നിമിത്തമാകും. മനസാസേവ, വാചാസേവ, ഏറ്റവും കൂടുതൽ - ബ്രാഹ്മണരാകട്ടെ, സംബന്ധ-സമ്പർക്കത്തിൽ വരുന്നവരാകട്ടെ അവർക്ക് എന്തെങ്കിലും മാസ്റ്റർ ദാതാവായി നൽകൂ. നിസ്വാർത്ഥരായി സന്തോഷം നൽകൂ, ശാന്തി നൽകൂ, ആനന്ദത്തിന്റെ അനുഭൂതി ചെയ്യിക്കൂ, സ്നേഹത്തിന്റെ അനുഭൂതി ചെയ്യിക്കൂ. നൽകണം, നൽകുക അർത്ഥം സ്വാഭാവികമായും ലഭിക്കുക എന്നാണ്. ആര്, ഏതു സമയത്ത്, ഏതു രൂപത്തിൽ സംബന്ധ-സമ്പർക്കത്തിൽ വന്നാലും എന്തെങ്കിലും കൊണ്ടുപോകണം. താങ്കൾ മാസ്റ്റർ ദാതാവിന്റെ അടുക്കൽ വന്നിട്ട് വെറും കൈയ്യോടെ പോകരുത്. ഏതു പോലെ ബ്രഹ്മാബാബയെ കണ്ടൂ - നടക്കുമ്പോഴും തിരിയുമ്പോഴും ഏതെങ്കിലും കുട്ടി മുന്നിൽ വന്നാൽ എന്തെങ്കിലും അനുഭൂതി നൽകാതെ കാലിയായി പോകില്ലായിരുന്നു. ഇത് ചെക്ക് ചെയ്യൂ, ആരു വന്നുവോ, കണ്ടുവോ എന്തെങ്കിലും നൽകിയോ അതോ വെറുംകൈയ്യോടെ പോയോ? ആരു സമ്പത്തിനാൽ നിറഞ്ഞിരിക്കുന്നുവോ അവർക്ക് കൊടുക്കാതിരിക്കാൻ സാധിക്കില്ല. അളവറ്റ, അഖണ്ഡ ദാതാവാകൂ. മറ്റുള്ളവർ ചോദിക്കരുത്. ദാതാവൊരിക്കലും ഇവർ ചോദിക്കട്ടെ അപ്പോൾ കൊടുക്കാം എന്ന് നോക്കില്ല. അളവറ്റ മഹാദാനി, മഹാദാതാവ് സ്വമേധയാ ആണ് നൽകുന്നത്. അപ്പോൾ അദ്യ സേവനം ഈ വർഷം - മഹാൻ ദാതാവിന്റെതാകൂ. താങ്കൾ ദാതാവിൽ നിന്നും ലഭിച്ചത് നൽകുന്നു. ബ്രാഹ്മണർ ഭിക്ഷ യാചിക്കുന്നവർ അല്ല എന്നാൽ സഹയോഗിയാണ്. അപ്പോൾ പരസ്പരം ബ്രാഹ്മണർക്ക് ദാനമല്ല നൽകുന്നത് സഹയോഗം നൽകണം. ഇതാണ് അദ്യ നമ്പറിലുള്ള സേവനം. ഒപ്പം ബാപ്ദാദ വിദേശത്തെ കുട്ടികളുടെ സന്തോഷവാർത്ത കേട്ടു, ബാപ്ദാദ കണ്ടൂ, ആർക്കാണോ ഈ സൃഷ്ടിയിൽ സന്ദേശം പരത്തുന്നതിനു നിമിത്തമായി മൈക് എന്ന പേര് കൊടുത്തിരിക്കുന്നത്, വിദേശി കുട്ടികൾ പരസ്പരം ഈ കാര്യം ചെയ്തു, പ്ലാനുണ്ടാക്കിയെങ്കിൽ പ്രാക്ടിക്കലും നടക്കുക തന്നെ ചെയ്യും. എന്നാൽ ഭാരതത്തിലുള്ള പതിമൂന്ന് സോണുകൾ, ഓരോ സോണിൽ നിന്നും കുറഞ്ഞത് ഒരാളെങ്കിലും വിശേഷ നിമിത്ത സേവാധാരിയാകണം, അവരെ മൈക്ക് എന്നോ എന്തെന്നോ പറയാം, സന്ദേശം പരത്തുന്നതിനു ആരെയെങ്കിലും നിമിത്തമാക്കൂ, ഇത് ബാപ്ദാദ ഏറ്റവും കുറവാണ് പറഞ്ഞത് എന്നാൽ വലിയ വലിയ ദേശങ്ങളിൽ ഇങ്ങനെ നിമിത്തമാകുന്നവർ ഉണ്ടെങ്കിൽ സോണുകാർ മാത്രമല്ല വലിയ ദേശങ്ങളിൽ നിന്നും

ഇങ്ങനെ തയ്യാറാക്കി പ്രോഗ്രാം ഉണ്ടാക്കണം. ബാപ്ദാദ വിദേശത്തെ കുട്ടികൾക്ക് ഉള്ളിന്റെ ഉള്ളിൽ നിന്നും ആശംസകൾ നൽകി, ഇപ്പൊൾ വായിലൂടെയും നൽകുന്നു പ്രാക്ടിക്കലിൽ കൊണ്ട് വരാനുള്ള പ്ലാൻ ആദ്യം ബാപ്ദാദയുടെ മുന്നിൽ കൊണ്ട് വന്നു. അല്ലെങ്കിലും ബാപ്ദാദയ്ക്കറിയാം ഭാരതത്തിൽ ഒന്നുകൂടി സഹജമാണ് എന്നാൽ ഇനി ഒന്നുകൂടി ക്വാളിറ്റി സേവനം ചെയ്തു സഹയോഗികളെ സമീപം കൊണ്ട് വരൂ. വളരെ സഹയോഗികളുണ്ട് എന്നാൽ സംഘടനയിൽ അവരെ ഒന്ന് കൂടി സമീപം കൊണ്ട് വരൂ.

ഒപ്പത്തിനൊപ്പം ബ്രാഹ്മണാത്മക്കളിൽ ഒന്നുകൂടി സമീപത കൊണ്ട് വരുന്നതിനു, ഓരോ വശത്ത് നിന്നും മധുബനിൽ നിന്നും നാലു ഭാഗത്തും ജ്വാല സ്വരൂപത്തിന്റെ വായുമണ്ഡലമുണ്ടാക്കുന്നതിന്, ഭട്ഠി എന്ന് പറഞ്ഞാലും ശരി അത് ചെയ്യൂ, പരസ്പരം സംഘടിതമായി ആത്മീയ സംഭാഷണം നടത്തി ജ്വാല സ്വരൂപത്തിന്റെ അനുഭവം ചെയ്യിപ്പിക്കൂ, മുന്നോട്ട് നയിക്കൂ. ഈ സേവനത്തിൽ മുഴുകുമ്പോൾ കൊച്ചു കൊച്ചു കാര്യങ്ങളുണ്ടല്ലോ - സമയമെടുക്കുന്ന, പരിശ്രമമെടുക്കുന്ന, നിരാശപ്പെടുത്തുന്നതെല്ലാം ജ്വാലാമുഖി ഹൈയസ്റ്റ് സ്ഥിതിയാണ് അതിനു മുന്നിൽ ഇവയ്ക്ക് സമയം കൊടുക്കുന്നത്, പരിശ്രമിക്കുന്നത്, ഒരു പാവകളിയെ പോലെ അനുഭവപ്പെടും. സ്വതവേയും സഹജവുമായി സുരക്ഷിതമായിത്തീരും. ബാപ്ദാദ പറഞ്ഞിരുന്നില്ലെ ഏറ്റവും കൂടുതൽ ബാപ്ദാദയ്ക്ക് ദയ വരുന്നത് മാസ്റ്റർ സർവ്വ ശക്തിവാനായ കുട്ടികളായിട്ട് ചെറിയ ചെറിയ കാര്യങ്ങളിൽ പരിശ്രമിക്കുന്നത് കാണുമ്പോഴാണ്. ജ്വാലമുഖി രൂപത്തിൽ സ്നേഹം കുറവാണ് അപ്പോഴാണ് പരിശ്രമം തോന്നുന്നത്. അപ്പോൾ ഇനി പരിശ്രമത്തിൽ നിന്നും മുക്തമാകൂ, അശ്രദ്ധരാകരുത് എന്നാൽ പരിശ്രമത്തിൽ നിന്നും മുക്തമാകണം. പരിശ്രമിക്കണ്ടല്ലോ അപ്പോൾ കിടന്നുറങ്ങാം ഇങ്ങനെ ചിന്തിക്കരുത്. എന്നാൽ സ്നേഹം കൊണ്ട് പരിശ്രമം തീർക്കൂ. അശ്രദ്ധ കൊണ്ടല്ല. മനസ്സിലായോ! എന്ത് ചെയ്യണമെന്ന്?

ഇപ്പൊൾ ബാപ്ദാദയ്ക്ക് വരുക തന്നെ വേണമല്ലോ. ബാപ്ദാദ വരുമോ ഇല്ലയോ? ബാപ്ദാദ ഇല്ലെന്നൊരിക്കലും പറയുന്നില്ലല്ലോ, ശരി ഉവ്വ്, ശരി ഉവ്വ് (ഹാം ജി) പറയുന്നു. കുട്ടികൾ പറയുന്നു ഹജൂർ അതായത് അധികാരി, ബാബ പറയുന്നു ശരി ഹാജർ. അപ്പോൾ മനസ്സിലായോ എന്ത് ചെയ്യണമെന്ന്, എന്ത് ചെയ്യരുതെന്ന്. പരിശ്രമത്തെ പ്രേമം കൊണ്ട് മുറിക്കൂ. ഇനി പരിശ്രമമുക്ത വർഷം ആഘോഷിക്കൂ - പ്രേമത്തോടെ, അലസമായല്ല. ഇത് ഉറപ്പിച്ചു ഓർമ്മിക്കണം - ആലസ്യം പാടില്ല.

ശരി, എല്ലാ സങ്കൽപ്പവും പൂർണ്ണമായോ? എന്തെങ്കിലും ബാക്കിയുണ്ടോ? ജനകിനോട് (ദാദി ജാനകിയോട്) ചോദിക്കട്ടെ എന്തെങ്കിലും ബാക്കിയുണ്ടോ? ദാദി പുഞ്ചിരിക്കുകയാണ്. കളി പൂർത്തിയായോ? ഈ ഓപറേഷനും എന്താണ്? കളിയോ കളിയാണ്. കളി നന്നയിരുന്നില്ലെ!

(ഡ്രിൽ) സെക്കൻഡിൽ ബിന്ദു സ്വരൂപമായി മനസ്സിനെയും ബുദ്ധിയെയും ഏകാഗ്രമാക്കുന്ന അഭ്യാസം തുടർച്ചയായി ചെയ്യൂ. സ്റ്റോപ്പ് എന്ന് പറഞ്ഞു സെക്കൻഡിൽ വ്യർത്ഥ ദേഹ-ബോധത്തിൽ നിന്നും മനസ്സ്-ബുദ്ധി ഏകാഗ്രമാകണം. ഇങ്ങനെയുള്ള കണ്ട്രോളിങ് പവർ(നിയന്ത്രണ ശക്തി) മുഴുവൻ ദിവസവും ഉപയോഗിച്ച് നോക്കൂ. പിന്നെ ഓർഡർ ചെയ്തു കൺട്രോൾ എന്ന് പക്ഷേ രണ്ടു മിനിട്ടിനു ശേഷമാണ് കൺട്രോൾ ആയത്, അഞ്ച് മിനിട്ടിനു ശേഷമാണ് കൺട്രോൾ ആയത് ഇങ്ങനെയാകരുത് അതിനാൽ ഇടക്കിടെ കൺട്രോളിംഗ് പവർ ഉപയോഗിച്ച് നോക്കൂ. സെക്കൻഡിൽ നടക്കുന്നു, മിനുട്ടിൽ നടക്കുന്നു, കൂടുതൽ മിനുറ്റെടുക്കുന്നു, ഇതെല്ലാം ചെക്ക് ചെയ്യൂ. ഇപ്പൊൾ എല്ലാവർക്കും മൂന്ന് മാസത്തെ ചാർട്ട് ഒന്നുകൂടി പക്കാ ആക്കണം. സർട്ടിഫിക്കറ്റ് എടുക്കണം. ആദ്യം സ്വയം തനിക്ക് തന്നെ സർട്ടിഫിക്കറ്റ് നൽകണം, പിന്നെ ബാപ്ദാദ തരും. ശരി!

നാലു ഭാഗത്തുമുള്ള പരമാത്മ പാലനയുടെ അധികാരി ആത്മാക്കൾക്ക്, പരമാത്മ പഠിത്തത്തിന്റെ അധികാരിയായ ശ്രേഷ്ഠ ആത്മാക്കൾക്ക്, പരമാത്മ പ്രാപ്തികൾ കൊണ്ട് സമ്പന്നമായ ആത്മാക്കൾക്ക്, സദാ ബിന്ദുവിന്റെ വിധിയിലൂടെയുള്ള തീവ്ര പുരുഷാർത്ഥീ ആത്മാക്കൾക്ക്, സദാ പരിശ്രമത്തിൽ നിന്നും മുക്തമായിരിക്കുന്ന സ്നേഹത്തിൽ അലിഞ്ഞിരിക്കുന്ന കുട്ടികൾക്ക്, ജ്വാലാ സ്വരൂപ വിശേഷ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്തേയും.

**വരദാനം:- ശുദ്ധവും സമർത്ഥവുമായ സങ്കൽപങ്ങളുടെ ശക്തിയാൽ വ്യർത്ഥ വൈബ്രേഷനെ സമാപ്തമാക്കുന്ന സത്യമായ സേവാധാരി ഭവ:**

പറയാറുണ്ട് സങ്കൽപ്പത്തിലൂടെ സൃഷ്ടി ഉണ്ടാക്കാമെന്ന്. എപ്പോൾ ദുർബലവും വ്യർത്ഥവുമായ സങ്കൽപ്പം രചിക്കുന്നുവോ അപ്പോൾ വ്യർത്ഥ വായുമണ്ഡലത്തിന്റെ സൃഷ്ടിയുണ്ടാകുന്നു. ആര് തന്റെ ശുദ്ധ ശക്തിശാലി സങ്കൽപ്പങ്ങൾ കൊണ്ട് പഴയ വൈബ്രേഷനെയും സമാപ്തമാക്കുന്നുവോ അവരാണ് സത്യമായ സേവാധാരി. ഏതു പോലെ സയൻസുകാർ ആയുധം കൊണ്ട് ആയുധം നശിപ്പിക്കുന്നു, ഒരു വിമാനം കൊണ്ട് മറ്റു വിമാനം വീഴ്ത്തുന്നു ഇങ്ങനെ താങ്കളുടെ ശുദ്ധവും സമർത്ഥവുമായ സങ്കൽപ്പത്തിന്റെ വൈബ്രേഷൻ, വ്യർത്ഥ വൈബ്രേഷനെ സമാപ്തമാക്കണം ഇനി ഇങ്ങനെയുള്ള സേവനം ചെയ്യൂ.

**സ്ലോഗൻ:- വിഘ്നമാകുന്ന സ്വർണ്ണ സൂക്ഷ്മ നൂലുകളിൽ നിന്നും മുക്തമാകൂ, മുക്തി വർഷം ആഘോഷിക്കൂ.**

**സൂചന:-** ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച്ച അന്താരാഷ്ട്ര യോഗ ദിവസമാണ്, എല്ലാ ബ്രഹ്മാവത്സരും സംഘടിതരൂപത്തിൽ വൈകിട്ട് 6.30 മുതൽ 7.30 വരെ വിശേഷിച്ച് തന്റെ പൂജ്യ സ്വരൂപത്തിൽ സ്ഥിതമായി സ്വയം തന്നെ ഇഷ്ട ദേവൻ ഇഷ്ട ദേവിയെന്ന് മനസ്സിലാക്കി തന്റെ ഭക്തരുടെ മനോകാമനകൾ പൂർത്തിയാക്കണം, ദൃഷ്ടിയിലൂടെ സായൂജ്യമാക്കുന്ന, ദർശനീയ മൂർത്തിയായി സർവ്വർക്കും ദർശനം നൽകി കൊണ്ട് പ്രസന്നമാക്കുന്ന സേവനം ചെയ്യണം.